**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3887** **06-08-2021 - ൽ മറുപടിയ്ക്ക്**

**മമ്പാട് ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന വണ്ടൂർ നിയോജക മണ്ഡലത്തിലെ മമ്പാട് ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണത്തിന് 2019-2020 ലെ ബജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | വണ്ടൂർ നിയോജക മണ്ഡലത്തിലെ മമ്പാട് ഒടായിക്കൽ റഗുലേർ കം ബ്രിഡ്ജിന് അനുബന്ധമായുള്ള അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വാല്യം - II പേജ് 109 -ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപയുടെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ചാലിയാറിന്റെ പുഴയോരം 111 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി അപ്രോച്ച് റോഡ് പുനർ നിർമ്മിക്കേണ്ടിയിരുന്നു. എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയത് സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | വണ്ടൂർ നിയോജക മണ്ഡലത്തിലെ മമ്പാട് ഒടായിക്കൽ റഗുലേർ കം ബ്രിഡ്ജിന് അനുബന്ധമായുള്ള അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വാല്യം - II പേജ് 109 -ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപയുടെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ചാലിയാറിന്റെ പുഴയോരം 111 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി അപ്രോച്ച് റോഡ് പുനർ നിർമ്മിക്കേണ്ടിയിരുന്നു. എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് സർക്കാരിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ